നമ്പർ 12/2010 സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
'എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു' എന്നുള്ള കല്പനയോടെ തന്റെ ശിഷ്യൻമാർക്ക് നമ്മുടെ കർത്താവ് നൽകിയ ദൗത്യം പ. സഭയിലൂടെയാണ് ലോകത്ത് നിർവ്വഹിക്കപ്പെടേണ്ടത്. ദൈവകൃപയാൽ ആ ദൗത്യം നമ്മുടെ സഭയിലൂടെ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുഗ്രഹകരമായി നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിൽ ദൈവത്തെ നമുക്ക് സ്തുതിക്കാം. കുഷ്ഠരോഗികൾക്കും, എയ്ഡ്സ് രോഗികൾക്കും, അവരുടെ കുഞ്ഞുങ്ങൾക്കുമായി പരിശുദ്ധ സഭ പല സ്ഥാപനങ്ങളും ആരംഭിച്ച് അനുഗ്രഹപരമായി പ്രവർത്തിച്ചുവരുന്നു എന്നുള്ളത് നമുക്കെല്ലാവർക്കും അഭിമാനകരമാണ്. ദൈവകൃപയാൽ ആന്ധ്രാപ്രദേശിലെ യാച്ചാരം, പൂനായിലെ ദേഹു റോഡ്, ബാംഗ്ലൂരിലെ കുണിഗൽ, കാരാശ്ശേരി, ഇറ്റാർസി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സാക്ഷ്യമുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ നമുക്ക് സാധിക്കുന്നുണ്ട്.

എല്ലാ വർഷവും വലിയനോമ്പിലെ രണ്ടാമത്തെ ഞായറാഴ്ച **ഗർബോ സൺഡേ** ആയി നാം ആചരിച്ചുവരികയാണല്ലോ. ഈ വർഷത്തെ ഗർബോ സൺഡേ 2010 ഫെബ്രുവരി 21-ാം തീയതിയാണ്. കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് ആന്ധ്രാപ്രദേശിലെ യാച്ചാരത്ത് പരിശുദ്ധ സഭ ആരംഭിച്ച ബാലഗ്രാം അതിന്റെ പ്രവർത്തന സരണിയിൽ 25 വർഷങ്ങൾ പിന്നിടുകയാണ്. അനേകം കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകി ഉന്നത നിലയിൽ എത്തിക്കുവാൻ ഈ സ്ഥാപനത്തിനും അതിന്റെ പ്രവർത്തകർക്കും സാധിച്ചിട്ടുണ്ട്. ഇപ്പോൾ 110 കുട്ടികൾ ഈ സ്ഥാപനത്തിൽ താമസിക്കുന്നു. അതോടൊപ്പം ഒരു കണ്ണാശുപത്രിയും, ഒരു വൃദ്ധഭവനവും അവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ വർഷത്തെ ഗർബോ ഞായറാഴ്ച ലോകത്തെല്ലായിടത്തുമുള്ള കുഷ്ഠരോഗികൾക്കുവേണ്ടിയും, സഭ വകയായി നടത്തപ്പെടുന്ന പ്രസ്ഥാനങ്ങൾക്കും പ്രവർത്തകർക്കും വേണ്ടിയും എല്ലാ പള്ളികളിലും പ്രത്യേകം പ്രാർത്ഥന നടത്തണം. അന്നേദിവസത്തെ കാണിക്കയും പ്രത്യേക സംഭാവനകളും The Director, St. Gregorios Balagram, Yacharam P.O, (via) Ibrahimpatnam, R.R. District, A.P.-501509 എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2010 ജനുവരി മാസം 12 - ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ